# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2762**

**10.07.2015 - ൽ മറുപടിക്ക്**

## കോലിയക്കോട് ഏലായിലെ നെൽകൃഷി

**ചോദ്യം**
**ശ്രീ.വി. ശിവൻകുട്ടി**

**മറുപടി**
**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) പാപ്പനംകോട് നേമം നിയോജക മണ്ഡലത്തിലെ കോലിയക്കോട് ഏലയിൽ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ; | എ) പാപ്പനംകോട് നേമം നിയോജക മണ്ഡലത്തിലെ കോലിയക്കോട് പാടശേഖരത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആത്മ ഡിസ്ട്രിക്റ്റ് സ്പെസിഫിക്ക് ആക്റ്റിവിറ്റി പ്രകാരം 7.5 ഹെക്ടർ സ്ഥലത്ത് വിരിപ്പ് മുണ്ടകൻ തരിശുനില നെൽകൃഷി ചെയ്യുന്നതിനായുള്ള പ്രോജക്ട് പ്രകാരം 12.529 ലക്ഷം രൂപ ധനസഹായം തിരുവനന്തപുരം ജില്ലയിലെ ആത്മ പ്രോജക്ട് ഡയറക്ടർക്ക് കൃഷി ഡയറക്ടർ നല്കിയിട്ടുണ്ട്. |
| ബി) കഴിഞ്ഞ സീസണിനെക്കാൾ എത്ര കൂടുതൽ വിസ്തൃതിയിലേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ ഈ സീസണിൽ സാധിച്ചിട്ടുണ്ട് എന്നും, ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വിശദമാക്കുമോ ? | ബി) 2014-15 -ൽ കോലിയക്കോട് പാടശേഖരത്തിൽ തരിശുനില നെൽകൃഷിയായി ഒന്നാം വിളയിൽ (വിരിപ്പ്) 5.58 ഹെക്ടറിലും രണ്ടാം വിളയിൽ 4.572 ഹെക്ടറും കൃഷി ചെയ്തിട്ടുണ്ട്. 2015-16 വർഷത്തെ വിരിപ്പ് (ഒന്നാം വിള) സീസണിൽ നെൽകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടില്ല. കാരണം കഴിഞ്ഞ വർഷം കാലാവസ്ഥയിലുണ്ടായ വ്യതിയാനം മൂലം കൃഷി നാശമുണ്ടായതുകൊണ്ട് ചില കർഷകർ കൃഷി ചെയ്യാൻ വിസമ്മതിക്കുകയുണ്ടായി. എന്നാൽ ഇനി വരുന്ന മുണ്ടകൻ സീസണിൽ മുൻപു ചെയ്ത 4.57 ഹെക്ടറിനേക്കാളും 2 ഹെക്ടർ അധികം സ്ഥലത്ത് കൃഷി ചെയ്യാൻ കർഷകരും പാടശേഖര സമിതിയും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**